പതിനാലാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.919

30.10.2019 ന് മറുപടിയ്ക്ക്.

## വന്യമൃഗ ആക്രമണത്തിന് ഇരയാകുന്നവർക്ക നഷ്ടപരിഹാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ. എൻ .എ. നെല്ലിക്കുന്ന്<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ: | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. വനാതിർത്തികളിൽ വന്യജീവികൾ കൃഷി നശിപ്പിക്കുകയും, ജീവന് ഭീഷണി ആവുകയും ചെയ്യുന്നുണ്ട്. |
| (ബി) | വന്യജീവികളുടെ ആക്രമണത്തിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | വന്യജീവികളുടെ ആക്രമണത്തിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ് തുടങ്ങിയവ നിർമ്മിക്കുന്നു. സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ. നീളത്തിൽ സൗരോർജ്ജ വേലി, 631 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ. ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (Stone pitched trenches) 26 കി.മീ. ജൈവവേലി, 248 കി.മീ. കയ്യാല എന്നിവ നിർമ്മിച്ചിട്ടുണ്ട്.<br><br>2 . വനത്തിനു പുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ.<br>3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം. |

| | | | |
|---|---|---|---|
| | | | 4 . സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വന മേഖലയിലേയ്ക്കോ, റീഹാബിലിറ്റേഷൻ സെൻററുകളിലേയ്ക്കോ റീ-ലൊക്കേറ്റ് ചെയ്യൽ.<br>5 . പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.<br>6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.<br>7 . വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.<br>8 . വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജല സംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവത് ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.<br>9 . മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്ത ത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ. |

<table>
<tr>
<td>(സി)</td>
<td>വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്ന വ്യക്തികൾക്ക് നൽകി വരുന്ന നഷ്ടപരിഹാരവും സഹായവും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;</td>
<td>(സി)</td>
<td>വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980 ലെ ദി കേരള റൂൾസ് ഫോർ പേയ്മെൻറ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. 05.04.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം.17/2018/വനം പ്രകാരം പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നൽകി വരുന്നു. നിലവിലെ നിരക്ക് ചുവടെ ചേർക്കുന്നു.
<table>
<tr><th>കഷ്ട നഷ്ടങ്ങളുടെ സ്വഭാവം</th><th>നഷ്ട പരിഹാര തുക (രൂപ)</th></tr>
<tr><td>വന്യജീവി ആക്രമണം മൂലമുള്ള മരണം</td><td>10 ലക്ഷം രൂപ</td></tr>
<tr><td>വനത്തിനു പുറത്തു വച്ചുള്ള പാമ്പു കടിമൂലമുള്ള മരണം</td><td>2 ലക്ഷം രൂപ</td></tr>
<tr><td>വന്യജീവി ആക്രമണം മൂലമുള്ള സ്ഥായിയായ അംഗഭംഗം</td><td>2 ലക്ഷം രൂപ</td></tr>
<tr><td>വന്യജീവി ആക്രമണംമൂലം മനുഷ്യർക്കുണ്ടാകുന്ന പരിക്ക്</td><td>1 ലക്ഷം രൂപ പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും നൽകും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ).</td></tr>
<tr><td>വന്യജീവി ആക്രമണംമൂലമുള്ള വീടുനഷ്ടം, കന്നുകാലി നഷ്ടം</td><td>നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ)</td></tr>
<tr><td>വന്യജീവി ആക്രമണംമൂലമുള്ള വിളനാശം</td><td>നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ)</td></tr>
</table>
</td>
</tr>
<tr>
<td>(ഡി)</td>
<td>വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെട്ട വ്യക്തികളുടെ ആശ്രിതർക്ക് സർക്കാർ ആശ്രിത</td>
<td>(ഡി)</td>
<td>വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെട്ട വ്യക്തികളുടെ ആശ്രിതർക്ക് ആശ്രിത നിയമനം നൽകുന്നതിന് ചട്ടങ്ങളൊന്നും നിലവിലില്ല.</td>
</tr>
</table>

| | | | |
|---|---|---|---|
| | നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | | എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ആശ്രിത നിയമനങ്ങളിൽ പ്രത്യേക കേസ് ആയി പരിഗണിച്ച് സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.<br>ആറളം വന്യജീവി ഡിവിഷനിൽ 10.01.17-ന് കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട ബിജു അഞ്ചാനിക്കൽ എന്നയാളുടെ ഭാര്യ ശ്രീമതി. കത്രീനയ്ക്ക് ജി.ഒ (എം.എസ്) 8/2019/വനം തീയതി 26.02.2019 പ്രകാരം ആറളം ഡിവിഷനിലെ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിൽ പുതുതായി സൃഷ്ടിച്ച തസ്തികയിൽ പാർട്ട് ടൈം സ്വീപ്പറായി നിയമനം നൽകിയിട്ടുണ്ട്.<br>നോർത്ത് വയനാട് ഡിവിഷനിൽ 23.07.12-ന് കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട കെ. ബാലകൃഷ്ണൻ എന്നയാളുടെ മകനായ ശ്രീ.വിഷ്ണുകുമാറിന് ഫോറസ്റ്റ് വാച്ചറായി 26.02.2015 ന് സ്ഥിര നിയമനം നൽകിയിട്ടുണ്ട്.<br>വാഴച്ചാൽ വനം ഡിവിഷനിൽ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട വി.വി. സുബ്രഹ്മണ്യൻ എന്ന താത്ക്കാലിക വാച്ചറുടെ മകനായ ശ്രീ.വി.എസ്.ലാലുവിന് ജി.ഒ (എം.എസ്) 93/12/വനം തീയതി 30.07.2012 പ്രകാരം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ഡ്രൈവർ ആയി നിയമനം നൽകിയിട്ടുണ്ട്.<br>കോട്ടയം ഹൈറെയിഞ്ച് സർക്കിൾ പരിധിയിൽ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട ജോൺസൺ എന്നയാളുടെ ഭാര്യ ശ്രീമതി.ഡൈമി ജോൺസൺ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുകയും, ടിയാൾക്ക് ആരോഗ്യ വകുപ്പിൽ അറ്റന്റർ ഗ്രേഡ് 2 ആയി നിയമനം ലഭിച്ച് വനം വകുപ്പിൽനിന്നും വിടുതൽ ചെയ്തിട്ടുള്ളതുമാണ്.<br>2001 ആഗസ്റ്റ് മാസം 16-ാം തീയതി നെയ്യാർ ജലസംഭരണിയിൽ ചീങ്കണ്ണിയുടെ ആക്രമണത്തിൽ മരണപ്പെട്ട നെയ്യാറ്റിൻകര കള്ളിക്കാട് സ്വദേശി ജെയിംസിന്റെ ആശ്രിതയായ മകൾ ശ്രീമതി. സുജാ ജോസിന്, പാർട്ട്-ടൈം സ്വീപ്പറായി ജോലി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കാട്ടാനയുടെ ആക്രണത്തിൽ മരണപ്പെട്ട കുറ്റിച്ചൽ പഞ്ചായത്തിൽ കോട്ടൂർ സ്വദേശി കൃഷ്ണപിള്ളയുടെ ആശ്രിതയായ ശ്രീമതി. സരസ്വതിയമ്മക്ക് ജി.ഒ.(എംഎസ്) 39/2008/വനം തീയതി, 24/06/2008 പ്രകാരം പാർട്ട്-ടൈം-സ്വീപ്പറായി ജോലി നൽകിയിട്ടുണ്ട്.<br>ചീങ്കണ്ണിയുടെ ആക്രമണത്തിൽ മരണപ്പെട്ട കള്ളിക്കാട് പഞ്ചായത്തിലെ രാജമ്മയുടെ ആശ്രിതനായ ശ്രീ.കെ.ബൈജുവിന് ജി.ഒ.(എംഎസ്) 121/2012/വനം തീയതി, 28/12/2012 പ്രകാരം കുക്കായി ജോലി നൽകിയിട്ടുണ്ട്.<br>21/02/2009 ലെ അഗസ്ത്യാർകൂട സന്ദർശന സീസണിൽ കാട്ടാനയുടെ ആക്രമണത്തിൽ മരണമടഞ്ഞ ജയകുമാറിന്റെ ഭാര്യ ശ്രീമതി.ആർ.ശോഭയെ 15/06/2009 മുതൽ ദിവസ വേതനാടിസ്ഥാനത്തിൽ വാച്ചറായി നിയോഗിക്കുകയും, തുടർന്ന് താൽക്കാലികാടിസ്ഥാനത്തിൽ തുടരുന്നതിനും, താൽക്കാലികാടിസ്ഥാനത്തിൽ **10** കൊല്ലത്തെ സേവനം പൂർത്തിയായതിനുശേഷം സ്ഥിരം നിയമനം നൽകുന്നതിന് പരിഗണിക്കുന്നതാണെന്ന് ജി.ഒ.(എം.എസ്) 88/2014/വനം 28/10/2014 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതനുസരിച്ച് ടിയാൻ ദിവസവേതന വ്യവസ്ഥയിൽ ജോലി നോക്കി വരുന്നുണ്ട്.<br>22/01/2016-ൽ എ.ബി.പി.റെയിഞ്ചിലെ കാപ്പുക്കാട്, മരം മുറിക്കുന്നതിനിടെ മരണപ്പെട്ട സത്യരാജിന്റെ ഭാര്യ ശ്രീമതി.ഷീന ദിവസവേതന വ്യവസ്ഥയിൽ വാച്ചറായി ജോലി നോക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ